# വികസനം - സൗജന്യം - ചില പൊരുത്തക്കേടുകൾ

അര നൂറ്റാണ്ടിന്റെ സ്വാതന്ത്ര്യം നാം ആസ്വദിക്കുമ്പോൾ ലോകരാജ്യങ്ങൾക്കിടയിൽ തല ഉയർത്തി നിൽക്കുവാൻ ഇന്ത്യയെ പ്രാപ്തമാക്കുന്ന മുഖ്യവിശേഷണങ്ങളിലൊന്നാണ് ഏറ്റവും ശക്തമായ ജനാധിപത്യരാഷ്ട്രമെന്നത്. ഈ കാലയളവിനിടയിൽ അടിയന്തിരാവസ്ഥ നമ്മുടെ ജനാധിപത്യത്തിനേൽപിച്ച പോറലുകൾ മായ്ക്കുന്നതായിരുന്നു ഇന്ദിരാഗാന്ധിയുടെ അധികാരഭ്രംശം. ജനാധിപത്യത്തെ നെഞ്ചിലേറ്റുന്ന ജനത അതിനേറ്റ ആഘാതത്തിന് പരിഹാരം കാണുകയായിരുന്നു. അത് തിരിച്ചറിഞ്ഞ് തിരുത്തിയ ഇന്ദിരാഗാന്ധിയുടെ കൈകളിലേയ്ക്ക് വീണ്ടും അധികാരം തിരിച്ചുനൽകിയപ്പോൾ നമ്മുടെ ജനാധിപത്യത്തിന്റെ മഹത്വം ഉയർന്നുനിന്നു. ഇവിടെ ജനങ്ങൾ പരമാധികാരികളാവുകയും രാഷ്ട്രീയക്കാർ ഉത്തരവാദിത്വബോധമുള്ളവരാകുന്നുവെന്നതുമാണ് നമ്മുടെ മുഖ്യ ഗുണം. അതുകൊണ്ട് തന്നെ ദീർഘവീക്ഷണവും ഉത്തരവാദിത്വ ബോധവുമുള്ള ഒരു രാഷ്ട്രീയ നേതൃത്വം നമുക്ക് അനിവാര്യമാണ്. അത് നമ്മെ ഓർമ്മപ്പെടുത്തുന്നത് രാഷ്ട്രപതി ജവഹർലാൽ നെഹ്രുതന്നെയാണ്. നൂറ്റാണ്ടുകളുടെ ചൂഷണത്തിന്റെ അവശേഷിപ്പിൽ നിന്ന് ലോകരാഷ്ട്രങ്ങൾക്കിടയിൽ ഒരു ശക്തിയായി ഇന്ത്യ വളർന്നത് ആ ഭാവനാശാലിയുടെ സ്വപ്നങ്ങളുടെ സാക്ഷാൽക്കാരമായിരുന്നു.

നാം നമ്മുടെ വളർച്ചയുടെ പടവുകൾ കയറിയത് സമൃദ്ധമായ മനുഷ്യശേഷിയുടെ കഴിവുകളെ ക്രിയാത്മകമാക്കിക്കൊണ്ടാണ്. പഞ്ചവൽസരപദ്ധതികൾ തുടങ്ങി നാം നമ്മുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കടന്നുവന്നപ്പോൾ ഇന്ന് ലോകത്ത് ഏതുമൂലയിലും ഏതുമേഖലയിലും ജോലിചെയ്യാൻ പ്രാവീണ്യമുള്ള വിദഗ്ദ്ധരെ സമ്മാനിക്കുവാൻ ഇന്ത്യക്കായി. ശാസ്ത്ര സാങ്കേതിക മേഖലയടക്കം ഇന്ത്യയ്ക്കന്യമായതൊന്നും ഇന്ന് മറ്റൊരു രാജ്യത്തിനുമില്ല. ഈ നിലകളിലെല്ലാമുള്ള നമ്മുടെ വളർച്ചയ്ക്ക് ഇച്ഛാശക്തിയുള്ള ലക്ഷ്യബോധമുള്ള ഒരു രാഷ്ട്രീയ നേതൃത്വം വഹിച്ച പങ്ക് വലുതാണ്. അത് ജനതയ്ക്ക് നൽകിയ ആത്മവിശ്വാസമാണ് നമ്മുടെ വിജയം.

ഇത്രയും സൂചിപ്പിക്കുവാനാഗ്രഹിച്ചത് സമകാലിക രാഷ്ട്രീയ നേതൃത്വം കൊക്കൊള്ളുന്ന അപകടകരമായ പ്രവണതകൾ അടക്കംചെയ്ത തീരുമാനങ്ങളെ ഓർത്തിട്ടാണ്. ശിവകാശിയിൽ പ്രിന്റിംഗ് പ്രസ്സ് നടത്തുന്ന ഒരു സുഹൃത്ത് അടുത്തകാലത്ത് എന്നെ സന്ദർശിച്ചു. സംസാരത്തിനിടയിൽ അദ്ദേഹത്തിന്റെ വാണിജ്യമേഖലയിൽ നേരിടുന്ന ഒരു പ്രശ്നം അവതരിപ്പിച്ചത് അൽപം അമ്പരപ്പോടെ മാത്രമേ എനിക്കു കേട്ടിരിക്കാനായുള്ളു. തൊഴിലാളികളുടെ ലഭ്യതയില്ലാത്തതിനാൽ തന്റെ സ്ഥാപനത്തിന്റെ പ്രവർത്തനംതന്നെ നിലച്ചിരിക്കുന്ന അവസ്ഥയാണന്ന് അദ്ദേഹം പറഞ്ഞു.

ഇവിടെ തൊഴിലാളി ലഭ്യത കുറഞ്ഞത് ആളുകൾ മറ്റുമേഖലകളിൽ വൈദഗ്ദ്ധ്യം നേടി മെച്ചപ്പെട്ട തൊഴിലുകളിൽ ഏർപ്പെടുന്നതുകൊണ്ടല്ല. സാമ്പത്തിക സുരക്ഷിതത്വത്തിന്റെ സമൃദ്ധിയിൽ ജീവിക്കുന്നതുകൊണ്ടുമല്ല. മാറി മാറി വന്ന ഗവൺമെന്റുകൾ മൽസരിച്ച് രണ്ട് രൂപയ്ക്കും ഒരു രൂപയ്ക്കും അരിനൽകിയപ്പോൾ തൊഴിലാളികളിൽ നല്ലൊരു ശതമാനം പണിക്ക് പോക്ക് നിർത്തി. പണി നിർത്തിയവർക്ക് ഉല്ലാസോപാധിയായി ടി.വി. കൂടി സൗജന്യമായി നൽകിയതോടുകൂടി വീട്ടിലിരിപ്പിന് ഒരർത്ഥവുമായി എന്നതാണ് അവസ്ഥ. തമിഴ്നാട്ടിൽ തുടങ്ങിവച്ച ഒരു പ്രവണത മറ്റു സംസ്ഥാനങ്ങളിലേയ്ക്കും പടർന്ന് വളരുന്നത് ആശാസ്യകരമായി കാണാനാവുന്നില്ലന്നതാണ് സത്യം. വന്ന് വന്ന് അത് കേരളത്തിലെ മുന്നണികളുടേയും പ്രകടനപത്രികകളിൽ ഒന്നാം നിരയിൽ സ്ഥാനം അലങ്കരിക്കുവാൻ ഇടയായിരിക്കുന്നു.

ഈ നിലയിൽ 120 കോടി ജനങ്ങളെ നിഷ്ക്രിയരാക്കിക്കൊണ്ട് സൗജന്യമായി അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുവാനാകില്ലല്ലോ! ഭക്ഷണത്തിൽ ദൈവത്തെ കാണുന്നു എന്ന മഹാൽമാവിന്റെ വാക്യത്തിന് അർത്ഥമുണ്ടാകുന്നത് അത് നേടിയെടുക്കാൻ കഴിവില്ലാത്തവനുമുമ്പിൽ ലഭിക്കുമ്പോഴാണ്. പല കാരണങ്ങൾകൊണ്ടും ജോലിയെടുക്കാൻ ശേഷിയില്ലാത്തവർ നിരവധിയുള്ള നാടാണ് നമ്മുടേത്. അതായത് സ്വന്തം വിയർപ്പുകൊണ്ട് അല്പം തിന്നാൻ ഗതിയില്ലാത്തവർ. അവരെ സംരക്ഷിക്കേണ്ടതിന്റെ ചുമതല നമുക്കുണ്ട്. അവരുടെ സംരക്ഷണമാണ് ഗവർൺമെന്റുകൾ ഉറപ്പുവരുത്തേണ്ടത്. അതുപോലെ അധ്വാനിക്കുവാൻ ശേഷിയുള്ളവന് അതിന് അവസരങ്ങൾ സൃഷ്ടിക്കുകയും അതോടൊപ്പം അവന്റെ ആവശ്യങ്ങൾ നിറവേറ്റാൻ തക്ക വേതനം ലഭ്യമാക്കുകയും ചെയ്യണം. ഓരോ പൗരനും അവന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുകയും അവന്റെ കഴിവിന്റെ പരമാവധി രാജ്യത്തിന് സമർപ്പിക്കുകയും ചെയ്യുകയെന്നതാണ് വളർച്ചയുടെ ആണിക്കല്ല്. അതിനായി നിസ്വാർത്ഥരായ ലക്ഷ്യബോധമുള്ള രാഷ്ട്രീയ നേതൃത്വം അത്യന്താപേക്ഷിതമാണ്.

സൗജന്യങ്ങൾ അനുവദിച്ചുകൊണ്ട് വോട്ട് കീശയിലാക്കാൻ രാഷ്ട്രീയക്കാർ നടത്തുന്ന മൽസരം രാജ്യപുരോഗതിക്ക് നിരക്കുന്നതല്ല. വികസന കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നതിനുമപ്പുറം സൗജന്യങ്ങൾ വാഗ്ദാനം ചെയ്യുന്ന പ്രകടനപത്രികകൾ നിരോധിക്കുകയാണ് വേണ്ടത്. അത് മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാരന്റെ രാഷ്ട്രീയാവബോധത്തെ വെല്ലുവിളിക്കുകയാണ് ചെയ്യുന്നത്. ജനത്തിന് സൗജന്യങ്ങൾ വാരിക്കോരി നൽകുന്ന മുന്നണികളിലെ പല നേതാക്കന്മാരുംം അഴിമതിയുടെ പ്രലോഭനത്തിൽപ്പെട്ട് തടവറയിൽ കഴിയേണ്ടി വരികയാണ്. സൗജന്യങ്ങളുടെ സമ്പന്നതയിൽ സാധാരണക്കാരൻ നിഷ്ക്രിയനാകുമ്പോൾ, അത് വളർത്തുന്ന അരാഷ്ട്രീ

യവാദംം മുതലെടുത്ത് ഒരു വിഭാഗം തടിച്ച്കൊഴുക്കും. നിസ്വാർത്ഥരും നീതിമാന്മാരുമായ രാഷ്ട്രതന്ത്രജ്ഞർക്കു പകരം സ്വാർത്ഥരും ധനമോഹികളുമായവർ നമ്മുടെ രാഷ്ട്രത്തെ നയിക്കും. ഭരണമെന്നാൽ അഴിമതിയെന്ന് നാം അംഗീകരിച്ചുകൊടുക്കും. ഒരു ഘട്ടത്തിനൊടുവിൽ നിഷ്ക്രിയരായ സമൂഹത്തിന്റെ അസന്തുഷ്ടി അസഹിഷ്ണതയോടെ പുറത്തുവന്ന് രാജ്യമാകെ അരക്ഷിതാവസ്ഥ സൃഷ്ടിക്കപ്പെടും. അത് നമ്മുടെ മൂല്യങ്ങളെയെല്ലാം തകർത്തെറിയും. 'അറുപതു രൂപ മുടക്കി ബിയറ് മേടിച്ചാൽ തല പെരുക്കുവേം ചെയ്യും. കുപ്പികൊടുത്ത് ഒരു രൂപയ്ക്ക് അരിയും മേടിക്കാം, ഒരു രൂപയ്ക്ക് അരി അനുവദിച്ച സർക്കാരിന് അഭിവാദ്യങ്ങൾ' എന്ന SMS Joke വായിച്ചപ്പോൾ നമ്മളിൽ വിടർന്ന ചിരി നമ്മുടെ ധാർമ്മിക മൂല്യങ്ങൾക്കും ജനാധിപത്യ വിശ്വാസങ്ങൾക്കും നേരെയുള്ള ചോദ്യചിഹ്നമാണ്.

അധികാരമോഹികളായ രാഷ്ട്രീയക്കാരുടെ ഭാവനാരഹിതമായ കുതന്ത്രങ്ങളാണ് ജനങ്ങൾക്കുമുമ്പിൽ അവതരിപ്പിക്കുന്ന സൗജന്യങ്ങൾ. വോട്ടർ പട്ടികയിൽ പേരില്ലാത്ത ഒരാൾക്കുപോലും അവനെത്ര വൈഷമ്യമുള്ളവനാണെങ്കിലും യാതൊരു സൗജന്യവും അനുവദിക്കാൻ ഇവിടെ ആരുമില്ലാന്നതൊർക്കണം. അപ്പോഴാണ് പല കപടമുഖങ്ങളും അഴിഞ്ഞുവീഴുന്നത്. മാത്രവുമല്ല വോട്ടർപട്ടികയിലുള്ള സർക്കാർ ഉദ്യോഗസ്ഥരടക്കം, അധികാരികളുടെ വേണ്ടപ്പെട്ട ധനികർവരെ നമ്മുടെ നാട്ടിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയെത്തുന്നതും മറ്റൊന്നും കൊണ്ടല്ല. ഈ നിലയിൽ അവകാശമുള്ളവന് ലഭിക്കേണ്ടുന്ന ഓരോ ആനുകൂല്യങ്ങളും അനർഹന് ലഭിക്കുക വഴി മാറ്റിമറിക്കപ്പെടുന്നത് രാഷ്ട്രീയ സത്യസന്ധതയും മൂല്യങ്ങളുമാണ്. ഇതിനെ പ്രതിരോധിക്കുവാൻ തയ്യാറാവേണ്ടത് നാം തന്നെയാണ് നമുക്കഭിമാനമായ നമ്മുടെ ജനാധിപത്യത്തെ നിലനിർത്തുവാൻ, നമ്മുടെ വളർച്ചയെ ത്വരിതപ്പെടുത്തുവാൻ, രാഷ്ട്രീയ പൊയ്മുഖങ്ങളുടെ അജ്ഞത അവസാനിപ്പിക്കുവാൻ നാമാണ് പറയേണ്ടത് നമുക്ക് സൗജന്യങ്ങളല്ല സാധ്യതകളാണ് വേണ്ടതെന്ന്.

റവ. ഡോ. എബ്രഹാം മുളമൂട്ടിൽ
ചെയർമാൻ
പുഷ്പഗിരി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്
തിരുവല്ല.